"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.എം. ആരിഫ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ജയേഷ് റ്റി.പി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2098/2025/LSGD തീയതി,തിരുവനന്തപുരം, 24-08-2025

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31/03/2018 ലെ CPSP-3-9902/2018/DVACB നമ്പർ കത്ത്.
2. സർക്കാരിന്റെ 01/09/2018 ലെ ഇപിബി2/163/2018/തസ്വഭവ നമ്പർ കുറ്റപത്രം.
3. പഞ്ചായത്ത് ഡയറക്ടറുടെ 09/10/2018 ലെ PAN/24030/2018-D5(DP) നമ്പർ കത്ത്
4. സർക്കാരിന്റെ 06/05/2019 ലെ ഇപിബി2/163/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. ടി.എം.ആരിഫ് 19/06/2019 ന് സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി
6. ശ്രീ. ജയേഷ് റ്റി. പി. 07/11/2018 ൽ സമർപ്പിച്ച എതിർവാദപത്രിക.
7. പഞ്ചായത്ത് ഡയറക്ടറുടെ 16/05/2022 ലെ PAN/24030/2018-D5(DP) നമ്പർ കത്ത്.
8. സ.ഉ.(സാധാ)നം. 2975/2022/LSGD തീയതി, 02/12/2022.
9. കോട്ടയം ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 01/04/2023 ലെ DDP/KTM/8632/2018-AVS നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിലെ പാറമടയുടെ പ്രവർത്തനം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പരാതിയിൽ തിടനാട് ഗ്രാമപഞ്ചായത്തിലെ പാറമടയുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ നിലനിൽക്കുമ്പോൾ പരാതിക്കാരെ കേൾക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മന:പൂർവ്വം തെറ്റായ വിലാസത്തിൽ നോട്ടീസ് അയച്ചിട്ട് ആരും വരുന്നില്ലെന്ന് കാണിച്ച് ലൈസൻസ് പുതുക്കി നൽകിയെന്നും ടി പാറമടയുടെ 100 മീറ്റർ പരിധിക്കുള്ളിൽ വീടുകളും വഴികളും ഉണ്ടെന്നും പാറമടയ്ക്ക് ആവശ്യമായ എല്ലാ ലൈസൻസുകളും ഇല്ലെന്നും ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിട്ട് നടപടി സ്വീകരിച്ചില്ലായെന്നും പരാമർശിച്ചിരുന്നു.

3. മേൽ പരാതി സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിൽ ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

i. സെക്ഷൻ ക്ലാർക്ക് ടി പാറമടയും പരിസരവും പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. കെ. റ്റി. തോമസ് കുര്യന്താനത്ത് മുതൽ പേർ സമർപ്പിച്ച പരാതിയിൽ പറയുന്ന കാര്യങ്ങൾ സത്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, സ്ഥലപരിശോധനയിൽ ടി പാറമടയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ദൂരപരിധിയായ 100 മീറ്ററിനുള്ളിൽ ഒരു വാസഗൃഹമമുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ, പാറമടയുടെ ഉടമസ്ഥനായ ശ്രീ.ജോസുകുട്ടി ഫിലിപ്പിനെ

സഹായിക്കുന്നതിന് വേണ്ടിയാണ് സെക്ഷൻ ക്ളാർക്ക് ഇപ്രകാരം റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് കരുതേണ്ടിയിരിക്കുന്നുവെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

ii. ശ്രീ. കെ. റ്റി. തോമസ് കുര്യന്താനത്ത് തുടങ്ങി 14 ഓളം പേർ സമർപ്പിച്ച പരാതിയിൽ ആകെ 2 പേർക്ക് മാത്രമാണ് ഹിയറിംഗ് നോട്ടീസ് അയച്ചിട്ടുള്ളതെന്നും നോട്ടീസിൽ ടിയാളുകളുടെ പോസ്റ്റ് ഓഫീസ് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പരാതിക്കാർ മിക്കവരും പരാതിയിൽ അവരുടെ ഫോൺ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹിയറിംഗിന് ഹാജരാകുന്നത് സംബന്ധിച്ച് ടിയാളുകളെ ഫോണിൽ വിളിച്ച് അറിയിക്കുകയോ മറ്റോ ചെയ്തിട്ടില്ലാത്തതാണ്. ആയതിൽ നിന്നും പരാതിക്കാർ ആരും തന്നെ ഹിയറിംഗിന് ഹാജരാകരുതെന്നും ആരും ഹിയറിംഗിന് ഹാജരാകാതിരുന്നാൽ പാറമടയുടെ ഉടമസ്ഥനായ ജോസുകുട്ടി ഫിലിപ്പിന് അനുകൂലമായ തീരുമാനം എടുക്കാം എന്നുള്ള ഉദ്ദേശത്തോട് കൂടിയാണ് സെക്രട്ടറിയും സെക്ഷൻ ക്ലാർക്കും കൂടി ഇപ്രകാരം പ്രവർത്തിച്ചതെന്ന് കരുതേണ്ടിയിരിക്കുന്നു.

iii. ടി പാറമടയും പരിസരവും പരിശോധിച്ച് മതിയായ സുരക്ഷയുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം ലൈസൻസ് പുതുക്കി നൽകേണ്ടിയിരുന്ന പഞ്ചായത്ത് സെക്രട്ടറി ആയതിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

4. മേൽ അപാകതകൾക്ക് ഉത്തരവാദികളായ തിടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.എം. ആരിഫ്, സെക്ഷൻ ക്ലാർക്ക് ശ്രീ. ജയേഷ് റ്റി.പി. എന്നിവർക്കെതിരെ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടി ഉദ്യോഗസ്ഥർക്കെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

5. സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ടി. എം. ആരിഫിന്റെ പ്രതിമാസ പെൻഷനിൽ നിന്നും കെ. എസ്. ആർ. പാർട്ട് III റൂൾ 3(ബി) പ്രകാരം 1000/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പരാമർശം (5) പ്രകാരം ശ്രീ. ടി.എം. ആരിഫ് ആയതിന് മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ കാരണം കാണിക്കൽ നോട്ടീസിൽ ടിയാനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെല്ലാം നിഷേധിക്കുകയും, മാസപെൻഷനിൽ നിന്നും 1000/- രൂപ കുറവ് ചെയ്യാനുള്ള തീരുമാനം പിൻവലിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു.

6. പരാമർശം (6) പ്രകാരം ശ്രീ. ജയേഷ് റ്റി. പി. സമർപ്പിച്ച പ്രതിവാദപത്രികയിൽ പാറമടയുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ പരാതിയിൽ പറയുന്ന കാര്യങ്ങൾ ഒന്നും സത്യമല്ലെന്നും പാറമടയ്ക്ക് ലൈസൻസ് പുതുക്കി നൽകിയെങ്കിലും ആയത് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും, പരാതിക്കാരുടെ മേൽവിലാസം സംബന്ധിച്ച് ധാരണയില്ലാത്തതിനാലാണ് മേൽവിലാസം മാറിപോകുവാൻ ഇടയായിട്ടുള്ളതെന്നും പരാതിക്കാരെ നേരിൽ കേൾക്കുന്നതിന് അവസരം നൽകാതിരിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടത്തിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി.

7. ഇത് സംബന്ധിച്ച്, പാറമടയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വളരെ ഗൗരവകരമായി കാണേണ്ട ഒരു പരാതിയിൽ ഹിയറിംഗ് സംബന്ധിച്ച അറിയിപ്പ് പരാതിക്കാരായ പഞ്ചായത്ത് നിവാസികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടിയിരുന്ന പഞ്ചായത്തിന്റെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ആയത് ചെയ്യാതിരുന്നത് ടിയാളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും, പാറമടയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരിസരവാസികളായ 14 പേർ നൽകിയ പരാതിയിൻമേൽ തുടർ നടപടികൾ സ്വീകരിച്ചതിൽ സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുളളതായും, നിലവിൽ ടി പാറമട പ്രവർത്തിക്കുന്നതായി കാണുന്നില്ലെന്ന വിവരവും പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

8. തുടർന്ന് കുറ്റാരോപിതർക്കെതിരെ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (8) പ്രകാരം ഉത്തരവാകുകയും പരാമർശം (9) പ്രകാരം കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട്

സമർപ്പിക്കുകയും ചെയ്തിരുന്നു.

*"ശ്രീ. ജോസുകുട്ടി ഫിലിപ്പ് എന്നയാളുടെ ഉടമസ്ഥതയിലുള്ള പാറമട 2011-12 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസോടുകൂടി പ്രവർത്തിച്ചുവന്നിരുന്നുവെന്നും ടി പാറമടയുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് പരിസരവാസികളായ പതിന്നാലോളം പേർ 15.03.2016 ൽ പഞ്ചായത്തിൽ പരാതി സമർപ്പിച്ചിട്ടുള്ളതെന്നും ആയതിന്മേൽ സെക്ഷൻ ക്ലാർക്ക് ശ്രീ. ജയേഷ്.റ്റി.പി. സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് വസ്തുതാപരമാണെന്ന് കാണുന്നതിനാലും, കെ.പി.ആർ. സെക്ഷൻ 233 പ്രകാരം ലൈസൻസ് അനുവദിക്കുന്നതു സംബന്ധിച്ച എല്ലാ അനുബന്ധ രേഖകളും ഉണ്ടായിരുന്നതിനാലും, ശ്രീ. ടി. എം. ആരിഫിനെതിരായ കാരണം കാണിക്കൽ നോട്ടീസിലെ ഒന്നാമത്തെ ആരോപണത്തിന്മേലുള്ള ടിയാളുടെ എതിർവാദം അംഗീകരിക്കാമെന്നു കാണുന്നു.*

*പഞ്ചായത്ത് നിവാസികളായ 14 പേർ ചേർന്ന് സമർപ്പിച്ച പരാതിയിൽ പരാതിക്കാർക്ക് നോട്ടീസ് അയയ്ക്കാൻ സെക്ഷൻ ക്ലാർക്ക് ശ്രീ. ജയേഷ് റ്റി.പി.യെ ചുമതലപ്പെടുത്തിയിരുന്നുവെന്നും, ടിയാൻ പരാതിക്കാർക്കെല്ലാം നോട്ടീസ് അയച്ചിട്ടുണ്ടെന്നാണ് തന്നെ ധരിപ്പിച്ചതെന്നും, തെറ്റായി പോസ്റ്റോഫീസ് രേഖപ്പെടുത്തിയാണ് നോട്ടീസ് അയച്ചതെന്ന് ആരും തന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലെന്നും, രേഖാമൂലം അറിയിപ്പ് കൊടുത്തിരുന്നുകൊണ്ടാവാം ഫോൺ വിളിച്ച് ഹിയറിംഗിന് ഹാജരാകാൻ ആവശ്യപ്പെടാതിരുന്നതുമെന്നുള്ള ശ്രീ. ടി.എം ആരിഫിന്റെ എതിർവാദം അംഗീകരിക്കാമെന്ന് കാണുന്നു.*

*2011-12 മുതൽ ലൈസൻസോടുകൂടി പ്രവർത്തിച്ചുവരുന്നതായ പാറമടയുടെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന പരിസരവാസികളുടെ പരാതിയിൽ ശ്രീ. ജയേഷ്. റ്റി.പി. സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് വസ്തുതാപരമെന്ന് കാണുന്നതിനാൽ, ടിയാൾക്കെതിരായ ഒന്നാമത്തെ ആരോപണത്തിന്മേലുള്ള എതിർവാദം അംഗീകരിക്കാമെന്നു കാണുന്നു.*

*പതിനാല് പേർ ചേർന്ന് സമർപ്പിച്ച പരാതിയിൽ, പരാതി സംബന്ധിച്ച് സ്ഥിരമായി പഞ്ചായത്ത് ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ടിരുന്ന രണ്ട് പേർക്കാണ് നോട്ടീസ് അയച്ചിരുന്നതെന്നാണ് ശ്രീ. ജയേഷ് റ്റി.പി. യുടെ മൊഴി അംഗീകരിക്കാൻ സാധിക്കുന്നതല്ലെന്നും പരാതിക്കാരുടെ മേൽവിലാസം രേഖപ്പെടുത്താതിരുന്നതുകൊണ്ടും, ടിയാളുകളുടെ മേൽവിലാസം സംബന്ധിച്ച ധാരണയില്ലാത്തതിനാലുമാണ് മേൽവിലാസം മാറിപ്പോകുവാൻ ഇടയായതെന്നുള്ള ടിയാളുടെ വാദം അംഗീകരിക്കുവാൻ സാധിക്കുന്നതാണെന്ന് കരുതുന്നില്ലെന്നും ടിയാൾ, 2015 സെപ്റ്റംബർ മുതൽ തിടനാട് ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്നതിനാൽ തിടനാട് കൂടാതെ മറ്റ് പോസ്റ്റ്ഓഫീസുകൾ കൂടി ഉണ്ടെന്ന് അറിയാത്തതിനാൽ വിലാസം മാറിപ്പോയി എന്നുള്ള വാദം അംഗീകരിക്കത്തക്കതല്ലെന്നും കൂടാതെ പരാതിക്കാരെല്ലാം തന്നെ തിടനാട് ഗ്രാമപഞ്ചായത്ത് നിവാസികളായതിനാൽ, ജനപ്രതിനിധികൾ മുഖാന്തിരം ഹിയറിംഗ് സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനായി മേൽവിലാസം ലഭ്യമാക്കുന്നതിന് അവസരമുണ്ടായിരുന്നുവെന്നും അതുമല്ലെങ്കിൽ, പരാതിക്കാരിൽ ചിലർ നൽകിയ ഫോൺ നമ്പർ ഉപയോഗിച്ച ഹിയറിംഗ് അറിയിപ്പ് നൽകാമായിരുന്നുവെന്നും സെക്ഷൻ ക്ലാർക്കിന്റെ ഭാഗത്തു നിന്നും ഇത്തരത്തിലുള്ള നടപടികൾ ഉണ്ടാകാതിരുന്നതിനാലാണ് ഹിയറിംഗിന് ആരും തന്നെ ഹാജരാകാതിരുന്നത് എന്ന് കരുതാവുന്നതാണെന്നും ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ച ശ്രീ ജയേഷിന്റെ വാദം അംഗീകരിക്കത്തക്കതല്ലെന്നും കാണുന്നു.*

*മേൽ കണ്ടെത്തലുകളിൽ നിന്നും കെ.പി.ആർ. സെക്ഷൻ 233 പ്രകാരം പാറമടയ്ക്ക് ലൈസൻസ് അനുവദിച്ചപ്പോൾ എല്ലാ അനുബന്ധരേഖകളും ഉണ്ടായിരുന്നു എന്നതിനാലും ഹിയറിംഗിന് പരാതിക്കാർ എത്താതിരുന്നത് സെക്ഷൻ ക്ലർക്കിന്റെ ഭാഗത്തുനിന്നു വന്ന വീഴ്ച മൂലമാണ് എന്നതിനാലും 31/05/2018 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. റ്റി. എം. ആരിഫിന് പ്രൊവിഷണൽ പെൻഷൻ മാത്രമാണ് ലഭിക്കുന്നത് എന്നതും രോഗാവസ്ഥയും പരിഗണിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് എടുത്ത താൽക്കാലിക തീരുമാനം പുന:പരിശോധിക്കാവുന്നതാണ്."*

9. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിടനാട് ഗ്രാമപഞ്ചായത്തിലെ പാറമടയുടെ പ്രവർത്തനത്തിന് ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തിൽ പാറമടയ്ക്കെതിരെ പരാതി നൽകിയ പരാതിക്കാരെ കേൾക്കുന്നതിന് നോട്ടീസ് അയക്കാൻ സെക്ഷൻ ക്ലാർക്ക് ശ്രീ. ജയേഷ് റ്റി.പി.യെ ചുമതലപ്പെടുത്തിയിരുന്നുവെന്നുള്ള പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ആരിഫിന്റെ വാദം മുഖവിലയ്ക്കെടുത്ത് ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-രൂപ വീതം 5

വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് എടുത്ത താൽക്കാലിക തീരുമാനം റദ്ദാക്കിയും, എന്നാൽ പരാതിക്കാരുടെ മേൽവിലാസം രേഖപ്പെടുത്താതിരുന്നതുകൊണ്ടും ടിയാളുകളുടെ മേൽവിലാസം സംബന്ധിച്ച ധാരണയില്ലാത്തതിനാലുമാണ് മേൽവിലാസം മാറിപ്പോകുവാൻ ഇടയായതെന്ന സെക്ഷൻ ക്ലർക്ക് ശ്രീ. ജയേഷിന്റെ വാദം അംഗീകരിക്കത്തക്കതല്ലാത്തിനാലും, പരാതിക്കാരെല്ലാംതന്നെ തിടനാട് ഗ്രാമപഞ്ചായത്ത് നിവാസികളായതിനാൽ ജനപ്രതിനിധികൾ മുഖാന്തിരം ഹിയറിംഗ് സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനായി മേൽവിലാസം ലഭ്യമാക്കുന്നതിന് അവസരമുണ്ടായിരുന്നു എന്നതിനാലും ടിയാൾക്ക് 'സെൻഷർ' നൽകിയും കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.എം. ആരിഫ്, ക്ലാർക്ക് ശ്രീ. ജയേഷ് റ്റി.പി. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
5. വിജിലൻസ് (ഡി) വകുപ്പ് (29/02/2024 ലെ VIG-D3/405/2018-VIG നമ്പർ അനൗദ്യോഗിക കുറിപ്പ് ഫയൽ പ്രകാരം)
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/163/2018/തസ്വഭവ. നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 25-08-2025 06:44:48

സെക്ഷൻ ഓഫീസർ